DESPATCHED
02/06/2020

11/03/2020

3

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


## ഹർജി നമ്പർ A.P. No.1708(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.11168/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

### ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. മഹേഷ്കുമാർ
എടമന ഇല്ലം, രാമനാട്ടുകര പി.ഒ.,
കോഴിക്കോട്- 673 633 } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ& ഡെപ്യൂട്ടി കളക്ടർ(എൽ.ആർ) കളക്ടറേറ്റ്, കോഴിക്കോട്.
2. അപ്പീൽ അധികാരി & ജില്ലാ കളക്ടർ കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 31.01.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.03.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 13.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.04.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15.06.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 01.07.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16.07.2015 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 10.08.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 07.03.2020 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്, കോഴിക്കോട് |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മഹേഷ്കുമാർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, കോഴിക്കോട് താലൂക്ക് രാമനാട്ടുകര വില്ലേജിൽ റീസർവ്വേ നമ്പർ 414 3എ ൽ പ്പെട്ട കൃഷിയോഗ്യമല്ലാതായ ടിയാന്റെ സ്ഥലം ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനുവേണ്ടി ഒരു അപേക്ഷ കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകിയിരുന്നുവെന്നും ആയതു സംബന്ധിച്ച വിവരങ്ങളാണ് ടിയാൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടതെന്നും ടിയാൻ വിവരങ്ങൾ ആവശ്യപ്പെട്ടത് ചോദ്യാവലി രൂപത്തിലായതിനാൽ നൽകാൻ കഴിയില്ലായെന്നാണ് ഒന്നാം എതിർകക്ഷി അറിയിച്ചതെന്നും ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചെങ്കിലും ഒന്നാം എതിർകക്ഷിയുടെ മറുപടി ശരി വച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കുകയാണ് ഉണ്ടായതെന്നും കളക്ടറേറ്റിലെ 2 ഫയലിൽ മാത്രം ഉണ്ടായിരിക്കേണ്ട വിവരങ്ങളാണ് ടിയാൻ ആവശ്യപ്പെട്ടതെന്നും ടിയാന്റെ വസ്തുവിനോട് തൊട്ടു കിടക്കുന്ന സമാന സ്വഭാവമുള്ള സ്ഥലം മണ്ണിട്ട് നികത്തുന്നതിന് കളക്ടർ അനുമതി നൽകിയിട്ടുള്ളതു സംബന്ധിച്ചാണ് വിവരങ്ങൾ തേടിയത് എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്:

i. കോഴിക്കോട് താലൂക്ക് രാമനാട്ടുകര വില്ലേജിൽ റീസർവ്വേ നമ്പർ 414 / 3എ ൽ പ്പെട്ട കൃഷിയോഗ്യമല്ലാതായ ഹർജിക്കാരന്റെ സ്ഥലം ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനുവേണ്ടി ടിയാൻ 24.09.2012 തീയതി ഒരു അപേക്ഷ കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകിയിരുന്നുവെന്നും ഹർജിക്കാരന്റെ മേൽപ്പടി അപേക്ഷയിലും കോഴിക്കോട് താലൂക്ക് തഹസീൽദാർ ജി1– 47100/2012 നമ്പരായി 30.10.2013 ന് ജില്ലാ കളക്ടർക്ക് അയച്ച റിപ്പോർട്ടിലും തീർപ്പ് കൽപ്പിച്ച് ഉത്തരവായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്നാണ് തീർപ്പു കൽപ്പിച്ചതെന്നും മേൽപ്പടി ഉത്തരവിന്റെ പകർപ്പ് അപേക്ഷകനായ ഹർജിക്കാരന് അയച്ചു നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്നാണെന്നും ആയതിന്റെ പകർപ്പ് നൽകണമെന്നും

ii. ഹർജിക്കാരന്റെ അപേക്ഷയിന്മേലും കോഴിക്കോട് തഹസീൽദാരുടെ റിപ്പോർട്ടിന്മേലും കഴിഞ്ഞ 14 മാസത്തിലധികമായി തീർപ്പു കല്പിക്കുവാൻ കാലതാമസം അഥവാ തടസ്സം എന്താണെന്നും

iii. ഹർജിക്കാരന്റെ സ്വന്തം പേരിലും കൈവശത്തിലുമുള്ള സ്ഥലത്തിനു ചുറ്റുമുള്ള സ്ഥലങ്ങൾ മണ്ണിട്ട് നികത്തപ്പെട്ടതാണെന്ന് രാമനാട്ടുകര വില്ലേജ് ഓഫീസറും രാമനാട്ടുകര അഗ്രിക്കൽച്ചറൽ ഓഫീസറും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും

iv. ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലം കൃഷിയോഗ്യമല്ലാതായി തീരുവാൻ എന്തെല്ലാം കാരണങ്ങളാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 2 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ വിശദീകരണം ആവശ്യപ്പെടുകയും ചോദ്യാവലി രൂപത്തിൽ വിവരങ്ങൾ തേടുകയുമാണ് ചെയ്തിട്ടുള്ളതെന്നും ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ എൽ-4 2013/56027/11 നമ്പർ ആയി 21.02.2015 തീയതി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് വീണ്ടും ആവശ്യമുണ്ടെങ്കിൽ ആയതിന് 2 രൂപ ഫീസ് ഒടുക്കണമെന്നും മറ്റുമാണ്.

3. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയില്ലായെന്നും ചോദ്യരൂപേണ വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നാണ് ഒന്നാം എതിർകക്ഷി അറിയിച്ചത് എന്നും മറ്റുമാണ്. . മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസതാവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 2 മുതൽ 9 വരെയുള്ള ചോദ്യങ്ങൾ ചോദ്യാവലി രൂപത്തിലായതിനാൽ മറുപടി നൽകുവാൻ ഉതകുന്ന വിവരങ്ങൾ ഇല്ലാത്തതിനാലും പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും എന്നാൽ 1-ാം ഇനം സംബന്ധിച്ച മറുപടി ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളതാണെന്നും മറ്റുമാണ്.

RIGHT TO INFORMATION

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ചോദ്യ രൂപേണ ആയതിനാൽ ആയതു നൽകാൻ വിവരാവകാശ നിയമ പ്രകാരം സാധ്യമല്ല എന്ന മറുപടി നിയമാനുസൃതമല്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരൻ വിവരങ്ങൾ തേടുന്നത് ചോദ്യരൂപത്തിലായാലും ആയതു സംബന്ധിച്ച് എതിർകക്ഷി ഓഫീസിൽ എന്തെങ്കിലും വിവരം ഉണ്ടെങ്കിൽ അത് നൽകേണ്ടതു തന്നെയാണ്. ഹർജിക്കാരന്റെ അപേക്ഷയിലെ 2-ാം ഇനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് ടിയാന്റെ അപേക്ഷയിലും കോഴിക്കോട് താലൂക്ക് തഹസീൽദാർ നൽകിയ റിപ്പോർട്ടിലും തീർപ്പു കൽപ്പിക്കാനുണ്ടായ കാലതാമസം /തടസ്സം സംബന്ധിച്ചാണ്. ആയത് എതിർകക്ഷി ഓഫീസിലെ എതെങ്കിലും ഫയലിൽ രേഖപ്പെടുത്തിട്ടുള്ള വിവരം ആയിരിക്കാൻ സാധ്യതയില്ല. എന്നിരുന്നാലും മേൽപ്പടി വിഷയത്തിൽ ബന്ധപ്പെട്ട ഫയലിൽ എന്തെങ്കിലും രേഖപ്പെടുത്തൽ ഉണ്ടെങ്കിൽ ഹർജിക്കാരന് അതു നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. 3-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം എതിർകക്ഷി ഓഫീസിൽ നിന്നും നൽകാൻ സാധിക്കുന്നതാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ മേൽപ്പടി ഇനം സംബന്ധിച്ച വിവരം ഹർജിക്കാരന് നൽകേണ്ടതുതന്നെയാണ്. ബന്ധപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് ഒന്നാം ഇനത്തിന് നൽകിയ മറുപടി പ്രകാരം അയച്ചു നൽകിയിട്ടുള്ളതിനാൽ 4-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം മേൽപ്പടി റിപ്പോർട്ടിൽ ഉണ്ടാകേണ്ടതാണെന്ന് കമ്മീഷൻ അനുമാനിക്കുന്നു. അപ്രകാരംതന്നെ പ്രസ്തുത സ്ഥലം കൃഷിയോഗ്യമല്ലാതായി തീരുവാൻ എന്തെങ്കിലും കാരണങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ടെങ്കിൽ ആയതും മേൽപ്പടി റിപ്പോർട്ടിൽ കാണപ്പെടേണ്ടതാണ്. ആയതിനാൽ മേൽപ്പടി റിപ്പോർട്ട് പരിശോധിച്ച് അത്തരം കാരണങ്ങൾ ചൂണ്ടിക്കാട്ടേണ്ട ഉത്തരവാദിത്വം എതിർകക്ഷികൾക്കില്ല. 5-ാം ഇനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് വിശദീകരണമാണ്. ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) വകുപ്പു പ്രകാരം നിർവചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല. 6-ാം ഇനത്തിലെ ആദ്യഭാഗം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ബന്ധപ്പെട്ട ഫയൽ/രജിസ്റ്റർ പരിശോധിച്ച് ഹർജിക്കാരന് നൽകാൻ സാധിക്കുന്നതായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു. 2014 നവംബർ, ഡിസംബർ മാസങ്ങളിൽ റീ-സർവ്വെ നമ്പർ 40/1 ൽ പ്പെട്ട സ്ഥലം സംബന്ധിച്ച വിവരങ്ങൾ കണ്ടെത്തി നൽകുന്നത് ക്ലേശകരമല്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ മേൽപ്പടി വിവരം ഹർജിക്കാരന് നൽകേണ്ടതു തന്നെയാണ്. എന്നാൽ 6-ാം ഇനത്തിൽ അവസാനഭാഗം ആവശ്യപ്പെട്ടിട്ടുള്ള കാരണങ്ങളും സാഹചര്യങ്ങളും ബന്ധപ്പെട്ട ഉത്തരവുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നു അനുമാനിക്കുന്നതിനാൽ

മേൽപ്പടി ഇനം സംബന്ധിച്ച് അത്തരത്തിലുള്ള ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയാൽ മതിയാകുമെന്ന് കമ്മീഷൻ വ്യക്തമാക്കുന്നു. 7–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകേണ്ടതാണെന്ന് കമ്മീഷൻ ഉത്തരവാകുന്നു. 8–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം ബന്ധപ്പെട്ട ഉത്തരവിൽ നിന്നും വ്യക്തമാകുന്നതിനാൽ അക്കാര്യം സംബന്ധിച്ച് ഹർജിക്കാരൻ ആവശ്യപ്പെട്ട തരത്തിലുള്ള മറുപടി നൽകേണ്ടതില്ലെന്ന് കാണുന്നു. 8–ാം ഇനത്തിലെ അവസാനഭാഗം ആവശ്യപ്പെട്ടിട്ടുള്ള കാരണം വിവരാവകാശ നിയമത്തിലെ 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല എന്നു കാണുന്നു. 9–ാം ഇനത്തിൽ ആവശ്യപ്പെട്ട രേഖകൾ ലഭിക്കുവാനുള്ള അർഹത ഹർജിക്കാരനുണ്ടെന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ മേൽപ്പടി വിവരങ്ങളും രേഖകളും ഹർജിക്കാരന് ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 11–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)